**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1400** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ ഫെറി സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ ചെറുതന പഞ്ചായത്തിൽ ആനാരി വടക്കേക്കരയെയും തെക്കേക്കരയെയും തമ്മിൽ ബന്ധിപ്പിക്കുന്ന പി.ഡബ്ല്യൂ.ഡി. നിയന്ത്രണത്തിലുള്ള ആനാരി എന്ന കടത്ത് കടവിലെ ഫെറിമാൻ വിരമിച്ച സാഹചര്യത്തിൽ പ്രസ്തുത കടത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് എന്ത് ക്രമീകരണമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന പഞ്ചായത്തിൽ ആനാരി വടക്കേക്കരയേയും തെക്കേക്കരയേയും തമ്മിൽ ബന്ധിപ്പിക്കുന്ന പൊതുമരാമത്ത് വകുപ്പ് നിയന്ത്രണത്തിലുള്ള ആനാരി കടവിലെ ഫെറിമാൻ, സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ, പൊതുജന സൗകര്യാർത്ഥം നിലവിലെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് 09/06/2025 മുതൽ മറ്റ് സംവിധാനം ഉണ്ടാകുന്നത് വരെ ഹരിപ്പാട് നിരത്ത് സെക്ഷനിൽ ആനാരി ഫെറിയിലും ആയപറമ്പ് ഫെറിയിലും താൽക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന രണ്ട് ജീവനക്കാരെ 15 ദിവസത്തെ റോട്ടേഷൻ അടിസ്ഥാനത്തിൽ ആനാരി ഫെറിയിലേക്ക് നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട സർക്കാരിന്റെ 18.07.2025-ലെ പി.ഡബ്ല്യു.ഡി-എ1/122/2025-പി.ഡബ്ല്യു.ഡി. കത്തിന്മേൽ എന്ത് തുടർനടപടിയാണ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത കത്തിന്മേൽ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ടി കാര്യാലയത്തിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കത്ത് അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത കടത്തിന്റെ സേവനം നിലച്ച പശ്ചാത്തലത്തിൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | 31/05/2025 മുതൽ കടത്ത് പ്രവർത്തിക്കുന്നില്ലെന്നും പ്രദേശത്ത് ഒട്ടേറെ സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന തിരക്കേറിയ കടത്താണിതെന്നും പ്രസ്തുത കടത്തിന്റെ സേവനം തുടർന്നും ആവശ്യമാണെന്നും ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 09/06/2025 മുതൽ മറ്റ് സംവിധാനം ഉണ്ടാകുന്നത് വരെ ഹരിപ്പാട് നിരത്ത് സെക്ഷനിൽ ആനാരി ഫെറിയിലും ആയപറമ്പ് ഫെറിയിലും താൽക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന രണ്ട് |

| | | | |
|---|---|---|---|
| | | | ജീവനക്കാരെ 15 ദിവസത്തെ റോട്ടേഷൻ അടിസ്ഥാനത്തിൽ ആനാരി ഫെറിയിലേക്ക് നിയമിച്ചിട്ടുണ്ട്. ടി നടപടി സാധൂകരിക്കുന്നതിനും കടവിൽ തുടർന്നും താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള അനുമതിയ്ക്കായി ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത കടത്ത് സർവ്വീസ് അടിയന്തരമായി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 31/05/2025 മുതൽ കടത്ത് പ്രവർത്തിക്കുന്നില്ലെന്നും പ്രദേശത്ത് ഒട്ടേറെ സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന തിരക്കേറിയ കടത്താണിതെന്നും പ്രസ്തുത കടത്തിന്റെ സേവനം തുടർന്നും ആവശ്യമാണെന്നും ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 09/06/2025 മുതൽ മറ്റ് സംവിധാനം ഉണ്ടാകുന്നത് വരെ ഹരിപ്പാട് നിരത്ത് സെക്ഷനിൽ ആനാരി ഫെറിയിലും ആയപറമ്പ് ഫെറിയിലും താൽക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന രണ്ട് ജീവനക്കാരെ 15 ദിവസത്തെ റോട്ടേഷൻ അടിസ്ഥാനത്തിൽ ആനാരി ഫെറിയിലേക്ക് നിയമിച്ചിട്ടുണ്ട്. ടി നടപടി സാധൂകരിക്കുന്നതിനും കടവിൽ തുടർന്നും താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള അനുമതിയ്ക്കായി ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

Endt.No. CEPWD/13359/2025-EE3(Min)-AD

The copy of the letter and the attachments are forwarded to Executive Engineer PWD Roads Division Alappuzha for urgent report with your clear recommendation.

For Chief Engineer